ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.DTETVM/8550/2024-FINA2 (FINA) തീയതി: 15-10-2024

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സർക്കാർ ഫണ്ട് സ്ഥാപനങ്ങളുടെ ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 26.09.2023 തീയതിയിലെ ഫൈനാൻസ് (സീക്രട്ട് സെക്ഷൻ) ഡിപ്പാർട്ട്മെന്റ് പരിപത്രം നമ്പർ.SS-1/91/2023/Fin.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അലോട്ട്മെന്റ് തുക ലഭിച്ചാൽ സ്ഥാപനങ്ങൾ അതാത് സാമ്പത്തിക വർഷം തന്നെ തുക ചിലവഴിക്കേണ്ടതാണ്. ചിലവഴിക്കാൻ സാധിക്കാത്ത തുക സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്യേണ്ടതും സറണ്ടർ ചെയ്യാത്ത തുക ലാപ്സ് ആവുകയും പിന്നീട് ഉപയോഗിക്കാൻ സാധിക്കാതെ ചില സ്ഥാപനങ്ങളുടെ STSB/PSTSB അക്കൌണ്ടുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.SNA അക്കൌണ്ടുകളിലും ഓഹരി മൂലധനമായും നിക്ഷേപിച്ചിരിക്കുന്ന തുകകൾ ഒഴികെ സ്ഥാപനങ്ങളുടെ അക്കൌണ്ടുകളിൽ സൂക്ഷിക്കുന്ന ടി തുകയുടെ വിവരങ്ങൾ 5 ദിവസത്തിനുള്ളിൽ ഈ ഓഫീസിലെ ഫൈനാൻസ് (എ) സെക്ഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.പ്രസ്തുത തുക സൂക്ഷിക്കാത്ത സ്ഥാപനങ്ങൾ Nil റിപ്പോർട്ട് നിർബന്ധമായും അയക്കേണ്ടതാണ്.ടി തുക നടപ്പ് സാമ്പത്തിക വർഷത്തിൽ ലഭിച്ചതാണെങ്കിൽ (Encashed) പ്രസ്തുത തുക അലോട്ട്മെന്റ് ലഭിച്ച ശീർഷകത്തിൽ തന്നെ ഒടുക്കേണ്ടതാണ്. മുൻ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച തുകകൾ അടിയന്തിരമായി സർക്കാരിൽ നിന്നും ഫണ്ട് ലഭിച്ച അതേ ശീർഷകത്തിൽ ROP ആയി ഒടുക്കി ചെല്ലാന്റെ പകർപ്പ് ഈ ഓഫീസിലേക്ക് എത്രയും വേഗം അയച്ചു തരുകയും ചെയ്യേണ്ടതാണ്.

Signed by
Ajayanand A
Date: 15-10-2024 14:01:36

Ajayanand A
SENIOR FINANCE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും ഇ-മെയിൽ മുഖാന്തിരം.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.